(സി) പ്രസ്തുത പദ്ധതികൾക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; എന്തു തുക ഇതിനകം വിനിയോഗിക്കുകയുണ്ടായി ;

(ഡി) വിവരസാങ്കേതിക വിദ്യാ മേഖലയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതിനകം പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) തന്നാണ്ടിൽ സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യാ മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് എത്ര പുതിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടായി; അതുവഴി പുതുതായി എത്ര പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുകയുണ്ടായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ IT/ITES സൗകര്യങ്ങളും ഇൻക്യൂബേഷൻ സെന്ററുകളും വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വലിയ IT കമ്പനികൾക്ക് ക്യാമ്പസുകൾ നിർമ്മിക്കാനും ഉദ്ദേശിക്കുന്നു.

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 28-2-2005 വരെ ഈയിനത്തിൽ 25.14 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(ഡി) ഉപയോഗപ്പെടുത്തിവരുന്നു.

(ഇ) ഈ സംവിധാനത്തിലൂടെ പ്രത്യക്ഷമായ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ലെങ്കിലും പരോക്ഷമായി ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോർ

102 [1622] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോർ സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ മേഖലയുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) നിർദ്ദിഷ്ട ഐ.ടി. കോറിഡോർ പ്രത്യേക സാമ്പത്തിക മേഖലയാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോർ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ടെക്നോപാർക്കിനോട് ചേർന്ന് അധികമായി 86 ഏക്കർ സ്ഥലം ഏറ്റെടുത്തത്.

(ബി) മുതൽ (ഡി) വരെ പ്രസ്തുത വിഷയങ്ങളിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

പുതിയ ഐ.ടി. പാർക്കുകൾ

103 [1623] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എം. കുമാരൻ :

,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി തുടങ്ങുന്ന ഐ.ടി. പാർക്കുകൾ ഏതൊക്കെയാണ്; ഇതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട് സിറ്റി സംബന്ധിച്ച് ഒപ്പുവെച്ച ധാരണാ പത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമ്പോൾ ജീവനക്കാരുടെ നിയമനം, വേതനഘടന, മറ്റ് തൊഴിൽ നിയമങ്ങളുടെ ഉറപ്പ് എന്നീ കാര്യങ്ങളിൽ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) & (ബി) ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ സഹായത്തോടെ കൊച്ചിയിൽ ഒരു സ്മാർട്ട്സിറ്റി സ്ഥാപിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായുള്ള നടപടികൾ എടുത്തുവരുന്നു. ഇതു സംബന്ധിച്ച് ധാരാണാപത്രം ഒപ്പ് വെച്ചിട്ടില്ല.

(സി) ധാരണാപത്രം ഒപ്പിടുന്ന സമയത്ത് ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

അക്ഷയ പദ്ധതി

104 [1624] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയപദ്ധതി എത്ര ജില്ലകളിൽ നടപ്പിലാക്കി; ആയത് ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) അക്ഷയപദ്ധതി ഏതൊക്കെ ജില്ലകളിലാണ് ഉടനെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മറ്റ് ജില്ലകളിൽ ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly